# കേരള സംസ്ഥാന ഡ്രഗ്സ് കൺട്രോളറുടെ നടപടി ക്രമം

വിഷയം : ജീവനക്കാര്യം -ഡ്രഗ്സ് കൺട്രോൾ വകുപ്പ് -സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ്, യു.ഡി.ടൈപ്പിസ്റ്റ് തസ്തികകളിലേക്ക് സ്ഥാനക്കയറ്റം നൽകുന്നത് - സംബന്ധിച്ച്

നം.ഇ1.288/2016/ഡി.സി തിരുവനന്തപുരം തിയതി:01/02/2016

പരാമർശം:- 11/11/2015-ലെ ജി.ഒ.(എംഎസ്) നമ്പർ.252/15/ആ.കു.വ.

**ഉത്തരവ്**

എറണാകുളം റിജീയണൽ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിൽ പരാമർശം ഉത്തരവ് പ്രകാരം 4 ടൈപ്പിസ്റ്റ് തസ്തികകൾ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. പുതിയ 4 ടൈപ്പിസ്റ്റ് തസ്തികകൾ കൂടി അനുവദിക്കുമ്പോൾ വകുപ്പിൽ ടൈപ്പിസ്റ്റ് തസ്തികകളുടെ ആകെ എണ്ണം 31 ആയിരിക്കുന്നു. ടൈപ്പിസ്റ്റുമാരുടെ റേഷ്യോ 1:1:1 ആയതിനാൽ, പുതിയ തസ്തികകൾ അനുവദിച്ചതിൻ പ്രകാരം 11/11/2015 മുതൽ 10-സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ്, 10-യു.ഡി.ടൈപ്പിസ്റ്റ്-10, 11-എൽ.ഡി.ടൈപ്പിസ്റ്റ് എന്നീ ക്രമത്തിൽ ടൈപ്പിസ്റ്റുമാരുടെ റേഷ്യോ പുനർ നിർണ്ണയിച്ചിട്ടുണ്ട്.

വകുപ്പിലെ നിലവിലുള്ള യു.ഡി.ടൈപ്പിസ്റ്റുമാരിൽ നിന്നും ഏറ്റവും സീനിയറായ വ്യക്തിയെ 10-ാം മത്തെ സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റായി നിയമിക്കുമ്പോൾ വകുപ്പിൽ ഒരു യു.ഡി.ടൈപ്പിസ്റ്റിന്റെ ഒഴിവും, കൂടാതെ റേഷ്യോ ഫിക്സ് ചെയ്യുമ്പോൾ 10 മത്തെ യു.ഡി.ടൈപ്പിസ്റ്റിന്റെ മറ്റൊരു ഒഴിവും കൂടി ഉണ്ടാകും. ടൈപ്പിസ്റ്റുമാരുടെ നിലവിലുള്ള അന്തിമ സീനിയോറിറ്റി ലിസ്റ്റ് പ്രകാരം യു.ഡി.ടൈപ്പിസ്റ്റുമാരിൽ ഏറ്റവും സീനിയർ, ഇപ്പോൾ തിരുവനന്തപുരം ഡ്രഗ്സ് കൺട്രോളറുടെ കാര്യാലയത്തിൽ ജോലി ചെയ്യുന്ന ശ്രീ.മധുസൂദനൻ.സി-യും, എൽ.ഡി.ടൈപ്പിസ്റ്റുമാരിൽ ഏറ്റവും സീനിയർമാർ ആലപ്പുഴ ഡ്രഗ്സ് ഇൻസ്പെക്ടറുടെ കാര്യാലയത്തിൽ ജോലി ചെയ്യുന്ന ശ്രീമതി.സജിത്ര.വി.എസ്-ഉം, തിരുവനന്തപുരം ആയൂർവ്വേദ ഡെപ്യൂട്ടി ഡ്രഗ്സ് കൺട്രോളറുടെ കാര്യാലയത്തിൽ ജോലി ചെയ്യുന്ന ശ്രീമതി.ശുഭ ബാബു-ഉം ആണ്.

ആയതിനാൽ ടൈപ്പിസ്റ്റുമാരുടെ റേഷ്യോ പുനർ നിർണ്ണയിച്ചതിൻ പ്രകാരം താഴെ വിവരിക്കുന്ന ഉദ്യോഗക്കയറ്റങ്ങൾ അനുവദിച്ചു ഉത്തരവാകുന്നു.

| ക്രമ നം | പേര് | നിലവിലുള്ള തസ്തികയും, ഓഫീസും | ഉദ്യോഗക്കയറ്റ തസ്തിക | ശമ്പള* സ്കെയിൽ | പ്രാബല്യ തീയതി | നിയമിക്കപ്പെട്ട ഓഫീസ് |
|---|---|---|---|---|---|---|
| 1 | ശ്രീ.മധുസൂദനൻ.സി | ഡ്രഗ്സ് കൺട്രോളറുടെ കാര്യാലയം, തിരുവനന്തപുരം | സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് | 14620-25280 | 11/11/2015 | ഡ്രഗ്സ് കൺട്രോളറുടെ കാര്യലയം, തിരുവനന്തപുരം |
| 2. | ശ്രീമതി.സജിത്ര.വി.എസ് | ഡ്രഗ്സ് ഇൻസ്പെക്ടറുടെ കാര്യാലയം, ആലപ്പുഴ | യു.ഡി. ടൈപ്പിസ്റ്റ് | 13210-22360 | 11/11/2015 | ഡ്രഗ്സ് ഇൻസ്പെക്ടറുടെ കാര്യലയം, ആലപ്പുഴ |
| 3. | ശ്രീമതി.ശുഭ ബാബു | ആയൂർവ്വേദ ഡെപ്യൂട്ടി ഡ്രഗ്സ് കൺട്രോളറുടെ കാര്യാലയം, തിരുവനന്തപുരം | യു.ഡി. ടൈപ്പിസ്റ്റ് | 13210-22360 | 11/11/2015 | ആയൂർവ്വേദ ഡെപ്യൂട്ടി ഡ്രഗ്സ് കൺട്രോളറുടെ കാര്യലയം, തിരുവനന്തപുരം |

* ശമ്പള സ്കെയിലുകൾ പ്രീ റിവൈസ്ഡ് സ്കെയിലിൽ കണക്കാക്കിയിരിക്കുന്നു.

അന്യത്ര സേവന വ്യവസ്ഥയിൽ യുഡി.ടൈപ്പിസ്റ്റ് തസ്തികയിൽ കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിൽ ജോലി ചെയ്തിരുന്ന ശ്രീ.വി.എം.സന്തോഷ് അന്യത്ര സേവനം അവസാനിപ്പിച്ച്

05/01/2016 മാതൃവകുപ്പിൽ തിരികെ ജോലിയിൽ പ്രവേശിച്ചതിനാൽ യു.ഡി.ടൈപ്പിസ്റ്റുമാരിൽ ഏറ്റവും ജൂനിറായ ശ്രീമതി.ശുഭ ബാബുവിനെ 05/01/2016 മുതൽ എൽ.ഡി.ടൈപ്പിസ്റ്റായി തരം താഴ്ത്തി തിരുവനന്ത പുരം ആയൂർവ്വേദ ഡെപ്യൂട്ടി ഡ്രഗ്സ് കൺട്രോളറുടെ കാര്യാലയത്തിൽ നിയമിക്കുന്നു.

ഉദ്യോഗക്കയറ്റം ലഭിച്ചവരുടെ ശമ്പളം കെ.എസ്.ആർ. ചട്ടം 28(എ) പ്രകാരം അവർ സമർപ്പിക്കുന്ന ഓപ്ഷന്റെ അടിസ്ഥാനത്തിൽ നിർണ്ണയിച്ചു നൽകേണ്ടതാണ്.

ഒപ്പ്
(പി. ഹരിപ്രസാദ്)
ഡ്രഗ്സ് കൺട്രോളർ

1. ശ്രീ.മധുസൂദനൻ.സി, യു.ഡി. ടൈപ്പിസ്റ്റ്,
ഡ്രഗ്സ് കൺട്രോളറുടെ കാര്യാലയം,
തിരുവനന്തപുരം.
2. ശ്രീമതി.സജിത്ര.വി.എസ്, എൽ.ഡി.ടൈപ്പിസ്റ്റ്,
ഡ്രഗ്സ് ഇൻസ്പെക്ടറുടെ കാര്യാലയം, ആലപ്പുഴ
(ഡ്രഗ്സ് ഇൻസ്പെക്ടർ, ആലപ്പുഴ മുഖേന)
3. ശ്രീമതി.ശുഭ ബാബു, എൽ.ഡി.ടൈപ്പിസ്റ്റ്,
ആയൂർവ്വേദ ഡെപ്യൂട്ടി ഡ്രഗ്സ് കൺട്രോളറുടെ കാര്യാലയം,
തിരുവനന്തപുരം
(ഡെപ്യൂട്ടി ഡ്രഗ്സ് കൺട്രോളർ (ആയൂർവ്വേദം), തിരുവനന്തപുരം മുഖേന)

പകർപ്പ് :

1. ഡെപ്യൂട്ടി ഡ്രഗ്സ് കൺട്രോളർ (ആയൂർവ്വേദം), തിരുവനന്തപുരം.
2. ഡ്രഗ്സ് ഇൻസ്പെക്ടർ, ആലപ്പുഴ
3. സീനിയർ സൂപ്രണ്ട് -I & II.,
4. ജൂനിയർ സൂപ്രണ്ട്
5. എസി.1 സെക്ഷൻ
6. സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സീനിയർ സൂപ്രണ്ട്

OFFICE OF THE DRUGS CONTROLLER
Date...........................
Thiruvananthapuram